# 24

# "മഹാദിവസം ... വരുന്നു"

## (6:12-17)

ഒരിക്കൽ ഒരു കൃഷിക്കാരനുണ്ടായിരുന്നു; റോബർട്ട് ഒരു ക്രിസ്ത്യാനിയായിരുന്നു, അവൻ കർത്താവിനെ സ്നേഹിക്കയും ചെയ്തിരുന്നു. കർത്താവിന്റെ സഭ കൂടിവന്ന സമയത്തെല്ലാം അവനും സന്നിഹിതനായിരുന്നു. നടുന്ന സമയമാണെങ്കിലും, അവൻ സഭയിലുണ്ടാകും. മേഘം മൂടി തന്റെ കൃഷിസ്ഥലത്തിന് ഭീഷണി ഉയർത്തിയാലും അവൻ ആരാധനക്കുണ്ടാകും. വിളവെടുക്കുന്ന സമയമായാലും, അവൻ ദൈവജനത്തോടുകൂടി കൂട്ടായ്മ ആചരിക്കും. റോബർട്ടിന്റെ ആ സമർപ്പണം, അവന്റെ അയൽക്കാരന് അത്ര ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അയാൾ ഒരു കൃഷി ഭൂമി പരീക്ഷണത്തിനായി എടുത്തു. റോബർട്ട് ആരാധനക്ക് പോകുന്ന സമയത്ത് മാത്രം അയൽക്കാരൻ കൃഷി ചെയ്യും. വിളവെടുപ്പിനുശേഷം, അയാൾ റോബർട്ടിനെ വിളിച്ചു എന്നിട്ട് അയാൾ ഒരു കൂമ്പാരം പണം അയാളുടെ മേശപ്പുറത്തിട്ടിട്ട് അയാൾ ചോദിച്ചു, "നിനക്ക് അറിയാമോ ഈ പണം എവിടെനിന്നു കിട്ടി എന്ന്? നീ ദൈവത്തെ ആരാധിച്ച് സമയം കളഞ്ഞപ്പോൾ ഞാൻ ജോലി ചെയ്തുണ്ടാക്കിയതാണ്. മറ്റേതൊരു വയലിലുണ്ടായ വിളവെടുപ്പിനേക്കാൾ ഈ വയലിൽ 30 ശതമാനം അധികവിളവുണ്ടായി. അതിന് നീ എന്താണ് പറയുന്നത്? റോബർട്ട് അയാളുടെ പണത്തെ നോക്കിയിട്ട് പറഞ്ഞു, "വിളവെടുക്കുന്ന സമയം ദൈവം എല്ലാ കണക്കും തീർക്കുന്നില്ല."

അഞ്ചാമത്തെ മുദ്രയും രക്തസാക്ഷികളുടെ നിലവിളിയും കേന്ദ്രീകരിച്ചായിരുന്നു നമ്മുടെ കഴിഞ്ഞ പാഠം: "വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെ കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും? എന്ന് അവർ ഉറക്കെ നിലവിളിച്ചു" (6:10). ഫലത്തിൽ, ദൈവം പറഞ്ഞു, "കണക്ക് തീർക്കുവാൻ സമയമായില്ല." ഒരു ദിവസം അവൻ അതു ചെയ്യും എന്ന് നാം *തീർപ്പാക്കി.* ദൈവം കാത്തിരിക്കുവാനുള്ള ഒരു കാരണം അവൻ അവർക്ക് മാനസാന്തരപ്പെടുവാനുള്ള അവസരം നൽകുകയായിരുന്നു എന്നും നാം കണ്ടു.

നമ്മുടെ ഇപ്പോഴത്തെ വേദഭാഗം, അതിൽനിന്നു വ്യത്യസ്തമായി, ദൈവത്തിന്റെ ക്ഷമക്ക് പരിധിയുണ്ട് എന്നു നാം അറിയണം. തീർച്ചയായും, ഒരു സമയം വരുമ്പോൾ ദൈവം പറയും, "ഇനി പാടില്ല!" അതു സംഭവിക്കുമ്പോൾ, എബ്രായലേഖകൻ പറയുന്നു, "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം" (എബ്രായർ 10:31). അതെത്ര ഭയങ്കരമാണെന്ന് വെളിപ്പാട് 6:12-17 പറയുന്നു:

> ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയോരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടം പോലെ കറുത്തു,[1] ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു; അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട്[2] കുലുങ്ങീട്ട് കായ് ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ[3] ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ

ചുരുട്ടുമ്പോലെ[4] ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും[5] സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോയി. ഭൂമിയിലെ രാജാക്കന്മാരും, മഹത്തുക്കളും, സഹസ്രാധിപന്മാരും, ധനവാന്മാരും, ബലവാന്മാരും, സകലദാസനും, സ്വതന്ത്രനും, ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും, "ഞങ്ങളുടെമേൽ വീഴുവിൻ, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും, കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ; അവരുടെ മഹാകോപദിവസം വന്നു; ആർക്ക് നിൽപാൻ കഴിയും എന്നു പറഞ്ഞു?"

ഒരു എഴുത്തുകാരൻ ആ രംഗത്തെ ഇങ്ങനെ വിവരിച്ചു:

പെട്ടെന്ന് പ്രപഞ്ചത്തിൽ കുഴപ്പം നേരിട്ടു. ഒരു ഭൂകമ്പം ലോകത്തെ മുഴുവൻ നടുക്കി; അതിന്റെ തീവ്രത അളക്കുവാൻ ഒരു റിച്ചർ സ്കെയിലിനും കഴിഞ്ഞില്ല. സൂര്യൻ പൂർണ്ണമായും മറഞ്ഞു. വാസ്തവത്തിൽ, യോഹന്നാൻ വിവരിക്കുന്നത്, "സൂര്യൻ കറുത്തുപോകയും, ചന്ദ്രൻ മുഴുവനും രക്തമായി തീരുകയും ... നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴുകയും ചെയ്തു എന്നാണ് ..." (വെളിപ്പാട് 6:12, 13).

ലോകം ഭയംകൊണ്ട് വിറെച്ചു. വലിയ പട്ടണങ്ങൾ വീണുപോയി. ഭൂമിയിലുണ്ടായിരുന്ന-രാജാക്കന്മാരും, പ്രഭുക്കന്മാരും, സഹസ്രാധിപന്മാരും, ധനവാന്മാരും, ബലവാന്മാരും, ദാസന്മാരും, സ്വതന്ത്രന്മാരും അടക്കം എല്ലാ മനുഷ്യരും - ദൈവത്തിന്റെ അന്തിമന്യായവിധി ദിവസം ഓടി ഒളിക്കുന്നതായിട്ടാണ് യോഹന്നാൻ കാണുന്നത്. അവർ മലകളിലേക്കും, ദ്വീപുകളിലേക്കും, ഗുഹകളിലേക്കും ഓടുകയായിരുന്നു. അവർ പാറകളുടേയും ഗുഹകളുടേയും അടിയിൽ തങ്ങളെ തന്നെ മറെച്ചു. എന്നാൽ ഒഴിഞ്ഞു മാറൽ അസാധ്യമായിരുന്നു.[6]

വെളിപ്പാട് 6:12-17 വായിക്കുമ്പോൾ നിങ്ങളുടെ മനസിലേക്ക് വരുന്ന വാക്കുകൾ എന്താണ്? എന്റെ മനസിലേക്ക് വരുന്ന ചില വാക്കുകൾ ഇവയാണ്: "ഭീകരം," "ഭയങ്കരം," "ഭയപ്പെടുത്തുന്ന," "ഭീതിയുളവാക്കുന്ന," "ഭയചകിതരാകുന്ന," "ദണ്ഡിപ്പിക്കുന്ന," "വേദനിപ്പിക്കുന്ന," "വിറെക്കുന്ന," "സംഭ്രാന്തരാക്കുന്ന." ആ വേദഭാഗം നിങ്ങളിൽ എന്ത് പ്രതീതിയാണ് ഉളവാക്കുന്നത്? "അങ്ങനെ സംഭവിക്കുമ്പോൾ ഞാൻ അവിടെ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്!"

ഈ വിവരണം സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ ശത്രുക്കളെ[7] താൽക്കാലികമായി ശിക്ഷിക്കുന്നതാണോ അതോ കാലാവസാനം അന്തിമമായ നാശത്തെ കുറിച്ചാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്ക് വ്യക്തമായി മനസിലാക്കുവാൻ പ്രയാസം നേരിട്ടിട്ടുണ്ട്. നാം അതിനെ ഒരു ലേഖനത്തിൽ പ്രതിപാദിക്കും, എന്നാൽ ആ ചോദ്യത്തിന് പരിമിതമായ പ്രാധാന്യമേയുള്ളു. ഞാൻ ടെക്സാസിലെ ക്ലെബണിൽ താമസിച്ചിരുന്നപ്പോൾ, വസന്തകാലത്തിൽ, കൊടുങ്കാറ്റ് വലിയ നാശം വിതെച്ചിരുന്നു: മരങ്ങൾ കടപുഴകി വീഴും; ബോർഡുകളും, വേലികളും മറിഞ്ഞുവീഴും; വ്യാപാര സ്ഥാപനങ്ങൾക്കും വീടുകൾക്കും കേടുപാടുകൾ സംഭവിക്കും.[8] പ്രാദേശിക വർത്തമാന പത്രങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്, ഒരു ചുഴലിക്കാറ്റുമുണ്ടായിട്ടില്ല, കാറ്റ് മാത്രമാണ്

അടിക്കുന്നത് എന്നാണ്. “അതിൽ എന്താണ് വ്യത്യാസം ഉള്ളത്?” എന്നാണ് പലപ്പോഴും എന്റെ പ്രതികരണം. അതുപോലെ, ദൈവത്തിന്റെ കോപം ദൈവത്തിന്റെ കോപം തന്നെയാണ് - അത് ഇപ്പോഴായാലും, ക്രിസ്തു മടങ്ങി വരുമ്പോഴായാലും ശരി - എന്നെ വിശ്വസിക്കുക, അങ്ങനെ സംഭവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലല്ലൊ!

## ആ ദിവസത്തെ വിവരിച്ചു (6:12-17)

വാക്യം 12 മുതൽ 17 വരെ സ്വാഭാവികമായി രണ്ടായി ഭാഗിക്കാം: പ്രപഞ്ചചിത്രം നുറുങ്ങി പാറിപ്പോകുകയും (വാ. 12–14), പിന്നെ ഭീതിയിലാണ്ട മനുഷ്യരെ വരച്ചുകാണിച്ചിരിക്കയും ചെയ്തിരിക്കുന്നു (വാ. 15–17). (ഈ പാഠത്തിന്റെ അവസാനം കാണുന്ന “ദൈവത്തിന്റെ മഹാ ക്രോധദിവസം” എന്ന ചിത്രീകരണം നോക്കുക.) ആദ്യം നമുക്ക് പ്രപഞ്ചത്തിന്റെ നാശം നോക്കാം.

### ഒരു നാശദിവസം (വാ. 12-14)

ഓക്ലഹോമയിലെ റോക്കിയിൽ താമസിച്ചിരുന്നപ്പോൾ, എനിക്ക് പത്തോ പതിനൊന്നോ വയസ് പ്രായമുണ്ടായിരുന്ന സമയത്ത്, 6:12–14 ലെ വാക്കുകൾ ആദ്യമായി കേട്ടത്, വ്യക്തമായി ഓർമ്മിക്കുന്നു. ആ ദിവസം ലോകം അവസാനിക്കുവാൻ പോകുന്നതായി ഒരു ഉപദേഷ്ടാവ് പ്രസംഗിച്ചതായി എന്റെ കൂടെ പഠിക്കുന്ന ഒരു കുട്ടി പറഞ്ഞു - അന്നു സൂര്യൻ ഇരുണ്ടുപോകയും, ചന്ദ്രൻ രക്തമാകുകയും, നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴുകയും ചെയ്യും. അവൻ എന്നോട് അതു പറഞ്ഞശേഷം, ഞാൻ കളിസ്ഥലത്ത് മാറിയിരുന്ന്, സൂര്യൻ ഇരുണ്ടുപോകുന്നതും, ചന്ദ്രൻ രക്തമാകുന്നതും നക്ഷത്രങ്ങൾ വീഴുന്നതും, ആകാശത്തിലേക്ക് നോക്കി ഊഹിക്കുവാൻ ശ്രമിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ മടുത്തുകൊണ്ട്, ഞാൻ മറ്റു കൂട്ടികളേപോലെ കളിയിലേക്ക് തിരിഞ്ഞു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ എനിക്ക് മനസിലായി ആ ഉപദേഷ്ടാവ് മുന്നറിയിച്ചതുപോലെ ലോകം അവസാനിച്ചില്ല എന്ന്.[9]

ലോകം എങ്ങനെ അവസാനിക്കുമെന്നതിന്റെ അക്ഷരിക വിവരണമാണോ വാക്യങ്ങൾ 12 മുതൽ 14 വരെ നൽകുന്നത്? ഒരുപക്ഷെ, അല്ലായിരിക്കാം, എന്നാൽ കർത്താവ് മടങ്ങി വരുമ്പോൾ ഈ ലോകം അവസാനിക്കും എന്ന് ബൈബിൾ പറയുന്നുണ്ട്:

> ... കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും, അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും അതിലുള്ള പണിയും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ, ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്ന് ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആകേണം! (2 പത്രൊസ് 3:10–12).

തീർച്ചയായും, പ്രപഞ്ചനാശത്തെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നതുമായി യോജിക്കുന്നതാണ് വെളിപ്പാട് 6:12–14 ലെ ഭാവന[10] - എന്നാൽ വെളിപ്പാടിലെ ചില വിശദാംശങ്ങൾ അക്ഷരികമായി എടുക്കാവുന്നതല്ല. ഉദാഹരണത്തിന്, നക്ഷത്രങ്ങൾ ഭൂമിയിലേക്ക് വീഴുമോ? ഭൂമിയേക്കാൾ പലമടങ്ങു വലുപ്പമുള്ള

താണ് നക്ഷത്രങ്ങൾ, അതുകൊണ്ട് "ഭൂമിയിലേക്ക്" അക്ഷരികമായി വീഴുക അസാധ്യമാണ്.

വാക്യങ്ങൾ 12 മുതൽ 14 വരെ ലോകാവസാനം ദൃശ്യവൽക്കരിക്കുകയല്ല ചെയ്യുന്നത്, പിന്നെ പരിശുദ്ധാത്മാവ് എന്തിനാണ് യോഹന്നാന് ആ ഭാഷ നൽകിയത്? തന്റെ വായനക്കാർക്ക് പരിചയമുള്ള അലങ്കാരമാണ് യോഹന്നാൻ ഉപയോഗിച്ചത്: ആ അലങ്കാരം ബൈബിളിലുടനീളം കാണുന്നതാണ്, ആളുകളുടെ ജീവിതത്തിൽ, ദൈവം ഇടപെടുന്നു (ഇടുപെടുകയും ചെയ്യും) എന്നാണ് അലങ്കാരം പറയുന്നത്!

പഴയനിയമ വാക്കുകൾ ആ വേദഭാഗത്ത് യോജിപ്പിച്ചിരിക്കുകയാണ്. ഉദാഹരണത്തിന്, യെഹെസ്‌ക്കേൽ 38:19 ലും മറ്റു വേദഭാഗങ്ങളിലും ആലങ്കാരികമായി ഭൂകമ്പത്തെ പറ്റി പറയുന്നുണ്ട്.[11] ആളുകൾ ഇളകുകയില്ല എന്ന് വിചാരിക്കുന്നതിനെ ഇളക്കുന്നതാണ് ഭൂമികുലുക്കം. "ഉറച്ച ഭൂമിയെ" നാം *ടെറാ ഫെറാ* എന്ന് വിളിക്കുന്നു. നമ്മുടെ കാൽകീഴിലെ "ഉറച്ച" ഭൂമി കുലുങ്ങുമ്പോൾ നാം വിറെക്കും. താൽക്കാലികമായവയിൽ ആളുകൾ ആശ്രയം വെച്ചിരിക്കുന്നതിനെ മാറ്റുവാനാണ് അപോകാലിപ്റ്റിക് ഭാഷയിൽ ഭൂകമ്പം ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നത്. ഏതാനും നിമിഷങ്ങളോളം മനുഷ്യരെ ബാധിക്കുന്ന ഒരു പ്രതിഭാസമായിട്ടാണ്, ഇന്ന് നാം "ഭുമി-കുലുക്കത്തെ" കാണുന്നത്.

വേദഭാഗത്ത് ഉപയോഗിച്ച മറ്റു അലങ്കാരങ്ങൾ പഴയനിയമത്തിൽ ഉപയോഗിച്ച അതേ സന്ദേശം വ്യക്തമാക്കുന്നതിനാണ്. സുര്യൻ ഇരുണ്ടുപോകുന്നതിനെ കുറിച്ചും ചന്ദ്രൻ രക്തമായിതീരുന്നതിനെ കുറിച്ചും യോവേൽ പ്രവാചകൻ മുന്നറിയിച്ചിട്ടുണ്ട് (യോവേൽ 2:31),[12] യെശയ്യാവ് ആകാശം ചുരുട്ടു*ന്നതിനെ* കുറിച്ചും നക്ഷത്രങ്ങൾ നീങ്ങി പോകുന്നതിനെ കുറിച്ചും പറയുന്നുണ്ട് (യെശയ്യാവ് 34:4). മലകൾ ഇളകിപോകുന്നതിനെ കുറിച്ച് യിരെമ്യാവ് പറയുകയുണ്ടായി (യിരെമ്യാവ് 4:24),[13] ദ്വീപുകളെ നശിപ്പിക്കുന്നതിനെ കുറിച്ച് യെഹെസ്‌ക്കേൽ പറഞ്ഞിരിക്കുന്നു (യെഹെസ്‌ക്കേൽ 27:35; കെജെവി).[14] ദൈവത്തെ എതിർക്കുന്നവർക്ക് വരുവാനുള്ള നാശം എത്ര ഭയാനകമായിരിക്കുമെന്ന് ആളുകളെ ബോധ്യമാക്കുവാൻ എല്ലാ വിഭവങ്ങളും യോഹന്നാൻ ഒന്നിച്ചു ചേർത്തിരിക്കുകയാണ്![15]

വാക്യങ്ങൾ 12 മുതൽ 14 വരെയുള്ള ഭാഗങ്ങളിലെ വാക്കുകളെ ജോൺ ബോമാൻ പറഞ്ഞപ്പോൾ, നിർഭാഗ്യകരമായ വാക്കുകളായിരുന്നു അദ്ദേഹം തിരഞ്ഞെടുത്തത്. അദ്ദേഹം എഴുതി, "ആ പ്രപഞ്ചസംഭവങ്ങൾ, അതു നിമിത്തം നാം അങ്ങനെ തന്നെ എടുക്കുവാനല്ല."[16] ഞാൻ പറയട്ടെ, "ആരംഗം *അക്ഷരികമായി* എടുക്കരുത്, എന്നാൽ അത് *ഗൗരവമായി* കണക്കാക്കുക." അതു ഗലാത്യർ 6:7 ലെ സത്യത്തെ ഓർപ്പിക്കുന്നതാണ്: "... ദൈവത്തെ പരിഹസിക്കരുത്; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും"!

### നിരാശാ ദിവസം (വാ. 15, 16)

അടുത്ത വാക്യങ്ങളിൽ, നാം പ്രപഞ്ചനാശങ്ങളിൽ നിന്ന് അതിന്റെ ഫലങ്ങളിലേക്ക് നീങ്ങുകയാണ്: "ഭൂമിയിലെ രാജാക്കന്മാരും, മഹത്തുക്കളും, സഹസ്രാധിപന്മാരും, ധനവാന്മാരും, ബലവാന്മാരും, സകലദാസനും സ്വതന്ത്രനും, ഗുഹകളിലും മലപ്പാറകളിലും ഒളിച്ചു"[17] (വാ. 15).

വാക്യം 15 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏഴു വിഭാഗങ്ങൾ സകല മനു

ഷ്യരേയും ഉൾപ്പെടുത്തിക്കൊണ്ടാണ് പറഞ്ഞിരിക്കുന്നത്[18] (പ്രത്യേകിച്ച്, ദൈവേഷ്ടത്തെ എതിർത്തവർ). യോഹന്നാൻ അത് എഴുതുന്ന സമയത്ത്, വായിക്കുന്നവരുടെ മനസിലേക്ക് "ഭൂമിയിലെ രാജാക്കന്മാർ" എന്ന് കേൾക്കുമ്പോൾ, വരുന്നത്ഡൊമിഷ്യൻ ചക്രവർത്തിയും, അവന്റെ ക്ഷേമത്തിലും നിയന്ത്രണത്തിലുമുള്ള ഉപ-രാജാക്കന്മാരുമാണ്. "മഹത്തുക്കൾ" എന്നതു അർത്ഥമാക്കുന്നത് രാഷ്ട്രീയ ഭരണകർത്താക്കളല്ല, ശക്തിയുള്ളവരാണ്.[19] സിഇൗവിയിൽ രസകരമായ വാക്കായ "ഭൂമിയിലെ പ്രസിദ്ധരായ ആളുകൾ" എന്നാണ്. "ആയിരം പേരുടെ അധിപൻ" എന്നതിനുള്ള ബഹുവചന വാക്ക് തർജിമ ചെയ്തതാണ് "സഹസ്രാധിപന്മാർ" എന്ന വാക്ക്. പീറ്റേഴ്സന്റെ സമാന്തരപ്രയോഗത്തിൽ "ജെനെറൽസ്"[20] എന്നാണ്.

"ധനവാൻ" എന്ന വാക്ക് സ്വ-വിവരണം നടത്തുന്നതാണ്. "ബലവാൻ" എന്നു പറഞ്ഞിരിക്കുന്നത് ഭൗതിക ബലത്തെ കാണിക്കുവാനല്ല, മറിച്ച് ദേശത്ത് സ്വാധീനം ചെലുത്തുന്നതിനെ ആണ് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന്, അമേരിക്കയിൽ, വിനോദിപ്പിക്കുന്ന അറിയപ്പെടുന്നവരും കായികാഭ്യാസികളും ഉൾപ്പെടും[21] അതുകൊണ്ട് യോഹന്നാൻ രാഷ്ട്രീയ നേതാക്കളെയും സാമൂഹ്യനേതാക്കളെയും സൂചിപ്പിക്കുന്നു. ഡി. ടി. നൈൽസ് പറഞ്ഞു,

> ... സ്ഥാനങ്ങൾ ഉപകരിക്കുന്നതായിരുന്നില്ല. ഭൂമിയിലെ രാജാക്കന്മാർക്ക് പോലും സുരക്ഷിതത്വമില്ലായിരുന്നു. ധനവാന്റെ സമ്പത്തിനും അവനെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. ബലവാന്റെ ശക്തിക്കു സമാധാനം നൽകുവാൻ കഴിഞ്ഞില്ല ... സകലജീവിതത്തിന്റേയും അടിസ്ഥാനമിളകുകയും, മനുഷ്യർ ഭയംനിമിത്തം ഒളിച്ചുതുടങ്ങുകയും ചെയ്തു ... അവരുടെ മുഖംമൂടികളെല്ലാം അഴിഞ്ഞുവീഴുകയും, സകലനേട്ടങ്ങളും ഉപേക്ഷിച്ച് ദൈവമുൻപാകെ നിൽക്കുവാൻ ഭയപ്പെടുകയും ചെയ്തു.[22]

"സകലദാസനും സ്വതന്ത്രനും" എന്നത് ലിസ്റ്റിന്റെ അവസാനമാണ് വരുന്നത്. മുൻപ് ദാസനായിരുന്നിട്ട് സ്വാതന്ത്ര്യം ലഭിച്ചവനാണ് സ്വതന്ത്രൻ, പക്ഷെ അവൻ കഷ്ടിച്ച് പുതിയതായി ജീവിക്കുവാൻ തുടങ്ങിയിട്ടേയുള്ളു. അക്കാലത്ത് ദാസനും സ്വതന്ത്രനും സമുഹത്തിന്റെ അടിത്തട്ടിലുള്ളവരായിരുന്നു, സാധാരണ മറ്റു അഞ്ചുവിഭാഗക്കാർക്ക് ഇവരുമായി ഒരു ബന്ധവുമില്ലായിരുന്നു. ദൈവക്രോധത്തിൽ, എങ്ങനെയായാലും, സാമൂഹ്യഉച്ചനീചത്വങ്ങൾ മറന്നു. ദൈവം തന്റെ കൃപ നീട്ടുമ്പോൾ, "മുഖപക്ഷം" കാണിക്കുന്നില്ല. അതുപോലെ തന്നെയാണ് തന്റെ ക്രോധം പകരുമ്പോഴും. (പ്രവൃത്തികൾ 10:34; റോമർ 2:9–11.)

വലിയവരും ചെറിയവരും ഭയപ്പെട്ടപ്പോൾ, അവർ ഓടി ഒളിച്ചു. കർത്താവിനോടുള്ള ഭയമാണ്, മിക്കവാറും ആളുകളെ ഓടി ഒളിക്കുവാൻ പ്രേരിപ്പിക്കുന്നത്. ആദാമും ഹവ്വയും ദൈവത്തിൽനിന്ന് ഓടി ഒളിച്ചിരുന്നു (ഉൽപത്തി 3:8) അനുസരണക്കേടിനാൽ പ്രവാചകനായിരുന്ന യോനാ ദൈവസന്നിധിയിൽനിന്നു രക്ഷപ്പെടുവാൻ ശ്രമിക്കയുണ്ടായി (യോനാ 1:3). ദൈവത്തിൽനിന്നു ഒളിച്ചോടുവാൻ പ്രയാസമാണെന്ന്, ഓരോരുത്തരും മനസിലാക്കി (സങ്കീർത്തനങ്ങൾ 139:7–12). എങ്കിലും, കുറ്റവാളി ഓടി ഒളിച്ചുകൊണ്ടേയിരിക്കും. യോഹന്നാൻ പറഞ്ഞ ആളുകൾ മലപ്പാറകളിലും ഗുഹകളിലും ഓടി ഒളിച്ച് മലകളോടും പാറകളോടും പറഞ്ഞു, "ഞങ്ങളുടെ മേൽ വീഴുവിൻ,

സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ" (വാ. 15, 16).[23]

"മരണത്തെയല്ല പാപികൾ ഭയപ്പെടുന്നത്, ദൈവസാന്നിധ്യം വെളിപ്പെടുന്നതിനെ ആണ്."[24] അവരുടെ അജ്ഞതയിൽ, മരണം ആഗ്രഹിച്ച അവർ മരണശേഷം അധികം വൈകാതെ ദൈവസന്നിധിയിൽ നില്ക്കണം എന്ന് മനസിലാക്കിയില്ല (20:12)!

വാക്യം 16 ലെ ഒരു പ്രയോഗം പരാമർശിക്കേണ്ടിയിരിക്കുന്നു: "കുഞ്ഞാടിന്റെ കോപത്തിൽനിന്നു ... ഞങ്ങളെ മറെപ്പിൻ"[25] കുഞ്ഞാടിന്റെ കോപമോ? നിങ്ങൾ ഒരു സൃഷ്ടിയെ പോസ്റ്ററിൽ വെക്കുവാനായി ശ്രമിക്കുമ്പോൾ, തടുക്കാതിരിക്കുന്ന ജന്തുവാണ് *കുഞ്ഞാട്*. വളരെ മന്ദമായി കളിച്ചുകൊണ്ടിരിക്കുന്ന ഒരു കുഞ്ഞാട് ആരെയെങ്കിലും എന്തിനെയെങ്കിലും ദ്രോഹിക്കുമെന്ന് ഊഹിക്കുവാൻ ആർക്കു കഴിയും? നിങ്ങൾ നാട്ടിൻപുറത്തുകൂടെ നടന്നുപോകുമ്പോൾ, ഒരാൾ പാറക്കടിയിൽ ഒളിച്ചിരിക്കുന്നതുകണ്ട്, "എന്തു പറ്റി?" എന്നു ചോദിക്കുന്നതിന്, "ഒരാട്ടിൻകുട്ടി എന്നെ ആക്രമിക്കുവാൻ വരുന്നു!" എന്നു മറുപടി നൽകുന്നു എന്ന് വിചാരിക്കുക. ആസ്ട്രേലിയക്കാരാണെങ്കിൽ പറയും, ആ മനുഷ്യന് "ക്രാക്കേഴ്സ്"[26] ആണെന്ന്. നിങ്ങൾ ഒരു ദിവസം വർത്തമാന പത്രം എടുക്കുമ്പോൾ അതിലെ മുഖ്യതലവാചകമായി "ഒരു കുഞ്ഞാടിന്റെ ആക്രമണത്താൽ ഒരാളെ ആസ്പത്രിയിൽ ആക്കിയിരിക്കുന്നു" എന്നു കണ്ടാൽ നിങ്ങൾ ആ പത്രത്തിന്റെ തീയതി ഏപ്രിൽ 1 ആണോ എന്ന് പരിശോധിക്കും.[27]

ചിലത് നമ്മെ വിറങ്ങലിപ്പിക്കും, പിന്നെ, "കുഞ്ഞാടിന്റെ കോപം"[28] എന്ന പ്രയോഗം വരുന്നു. ഒരു വളർത്തു മൃഗമോ കൊച്ചുകുട്ടിയോ അപ്രതീക്ഷിതമായി നമ്മെ ആക്രമിക്കുന്നു എന്നു പറയുന്നതുപോലെയാണ് കുഞ്ഞാട് കോപിച്ചു എന്നു പറയുന്നത്. പാപത്തിന്റെ ആധിക്യം നിമിത്തം ദൈവത്തിൽനിന്നു ഓടി ഒളിക്കുന്നത് അസംബന്ധമാണെന്ന് ഊന്നി പറഞ്ഞിരിക്കുകയാണ്. ഒരു കുഞ്ഞാട് കോപിക്കത്തക്ക ബീഭൽസമാണ് പാപം!

പ്രപഞ്ചത്തിന്റെ നാശവും അവിശ്വാസികളുടെ നിരാശയും നാം നോക്കുമ്പോൾ, രക്തസാക്ഷികളുടെ നിലവിളിക്ക് കർത്താവിന്റെ ഉത്തരം നമുക്കുണ്ട്: "വിശുദ്ധനും സത്യവാനുമായ നാഥാ, ഞങ്ങളുടെ രക്തത്തെ കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും ... ?" (6:10). അവരെ ഉപദ്രവിക്കുന്നവർക്ക് മാനസാന്തരപ്പെടുവാനും, അവരുടെ വഴി മാറ്റുവാനും വേണ്ടത്ര സമയം കൊടുത്തു. എങ്ങനെയായാലും, ക്രമേണ, അവൻ ന്യായവിധി നടത്തും; അവസാനം അവൻ പ്രതികാരവും വീട്ടും. അവസാനം ദൈവം "ദഹിപ്പിക്കുന്ന അഗ്നിയാകും" (എബ്രായർ 12:29)!

## ദിവസം വിവരിച്ചിരിക്കുന്നു (6:17)

### കുറച്ചു കാര്യമുള്ള ഒരു ചോദ്യം: എപ്പോൾ?

നമ്മുടെ പഠനം തുടരുമ്പോൾ, ഉറച്ച് *നിലവിളിക്കുന്നവർ* അറിയുവാൻ ആഗ്രഹിച്ചു "ഈ പറയുന്നത് ദൈവം റോമാ സാമ്രാജ്യത്തെ നശിപ്പിക്കുന്നതിനെ കുറിച്ചോ അതോ അവസാനം ലോകത്തെ മുഴുവൻ നശിപ്പിക്കുന്നതിനെ കുറിച്ചാണോ സംസാരിക്കുന്നത്?" ഈ ചോദ്യത്തിനുള്ള ഉത്തരത്തിൽ യോജിക്കുവാൻ വ്യാഖ്യാതാക്കൾക്ക് കഴിയുന്നില്ല.[29]

6:12-17 ലെ പ്രസ്താവനകൾ സൂചിപ്പിക്കുന്നത്, ദൈവം റോമാസാമ്രാജ്യത്തെ മറിച്ചിടുന്നതിനെ കുറിച്ചാ*യിരിക്കണം*. മുൻപ് പറഞ്ഞ വാകൃങ്ങൾ, പഴയനിയമ പ്രവാചകന്മാർ ഭൂകമ്പത്തെയും, സൂര്യൻ ഇരുണ്ടുപോകുന്നതിനേയും, ചന്ദ്രൻ രക്തമാകുന്നതിനെ കുറിച്ചും, നക്ഷത്രങ്ങൾ വീഴുന്നതിനെ കുറിച്ചും എഴുത്തുകാർ പറയുമ്പോൾ - ദൈവത്തിനെതിരായ ദേശങ്ങളെ താൽക്കാലികമായി ശിക്ഷിക്കുമെന്നാണ് സൂചിപ്പിക്കുന്നത്: ബാബേൽ, അശൂര്യ, തുടങ്ങിയ ദേശങ്ങൾ. അജയ്യമെന്ന് തോന്നിച്ച ദേശങ്ങളെ പണ്ട് ദൈവം നശിപ്പിച്ചു എന്ന് യോഹന്നാന്റെ വായനക്കാരെ ഓർപ്പിക്കേണ്ടതായിരുന്നു. അതുപോലെ റോമിനെ നശിപ്പിക്കുവാൻ ദൈവത്തിന് ഒരു മടിയുമില്ല.

തീർച്ചയായും, രക്തസാക്ഷികളുടെ നിലവിളി നിമിത്തം പ്രത്യേകവും, വ്യക്തിപരവും, നേരിട്ടുള്ളതുമായ പരാജയമായിരുന്നു റോമിന്റേത്: "ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെ കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും?" റോമാ ഗവൺമെന്റ് ക്രിസ്ത്യാനികളുടെ രക്തം ചിന്തിയതുകൊണ്ട്, റോമാ ഗൺമെന്റിനെ ശിക്ഷിക്കണമെന്ന് ദൈവനീതി ആവശ്യപ്പെടുന്നു. ഇതുമായുള്ള ബന്ധത്തിൽ വെളിപ്പാട് പുസ്തകം അദ്ധ്യായം 17 മുതൽ 19 വരെ വായിക്കുക. മഹതിയാം ബാബേലിനെ നശിപ്പിക്കുമെന്ന് പറഞ്ഞശേഷം (അതായത്, റോം[30]), സ്വർഗത്തിലെ ഒരു മഹാപുരുഷാരം 19:1, 2 ലെ ഈ സ്തുതി ഗാനം പാടി: "രക്ഷയും, മഹത്വവും, ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്; ... വേശ്യാവൃത്തികൊണ്ട് ഭൂമിയെ വഷളാക്കിയ മഹാവേശ്യക്ക് അവൻ ശിക്ഷ വിധിച്ചു ... തന്റെ*-ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്നു ചോദിച്ചു* പ്രതികാരം ചെയ്തു." (എംഫസിസ് മൈൻ.) 6:10-ൽ ആവശ്യപ്പെട്ടതനുസരിച്ചാണ് ആ വാകൃങ്ങൾ എന്നാണ് പലരും വിശ്വസിക്കുന്നത്, അവരുടെ വിശ്വാസം ശരിയായിരിക്കും.[31]

നേരെ മറിച്ച്, 6:12-17 അവസാനത്തെ "മഹാ ക്രോധ ... ദിവസമായി" പറയുന്നവർ നിരത്തുന്ന തെളിവുകൾ താഴെ കൊടുക്കുന്നു: (1) ആ നാശത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങ*ളെല്ലാം* യോജിപ്പിച്ചു പറയുന്ന ഒരു പഴയനിയമ വാക്യം പോലുമില്ല. (2) ആ ഭാവനയിലെ ചില വശങ്ങൾ ലോകാവസാനത്തിലെ സംഭവങ്ങളാണ് നമ്മെ ഓർപ്പിക്കുന്നത്. അവയിൽ ഉൾപ്പെടുന്നതാണ് എല്ലാ മനുഷ്യരേയും കൂട്ടിച്ചേർക്കും എന്നത് (2 കൊരിന്ത്യർ 5:10) പ്രപഞ്ചം മുഴുവൻ പിതാവിനേയും പുത്രനേയും അംഗീകരിക്കും (ഫിലിപ്പിയർ 2:11). (3) കുഞ്ഞാടിനെ പറ്റി പറഞ്ഞിരിക്കുന്നത് ആ രംഗത്തെ പ്രത്യേകതയുള്ളതാക്കുന്നു. പഴയനിയമവേദഭാഗത്തിൽ ക്രിസ്തുവിനെ ഉൾപ്പെടുത്തിയിട്ടില്ല.

മുഖവുരയായ "ഞങ്ങൾ ജയിച്ചിരിക്കയാൽ, ദൈവമേ നിനക്ക് സ്തുതി"[32] എന്ന പാഠത്തിൽ, വെളിപ്പാടിന്റെ ഏഴ് ഭാഗങ്ങൾ ബാഹ്യരൂപരേഖയിൽ കൊടുത്തിരിക്കുന്നത്, ഓരോന്നും ക്രിസ്തീയകാലത്തെ മുഴുവൻ "ക്രിസ്തുവിന്റെ ആദ്യവരവ് മുതൽ രണ്ടാം വരവ് വരെ"[33] ഉള്ളതാണ്. 6:12-17 ൽ വിവരിച്ചിരിക്കുന്നത്, 1:7-ൽ മുൻപ് യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് വിവരിച്ചിരിക്കുന്നതുമായി യോജിക്കുന്നതാണ്: "ഇതാ, അവൻ മേഘാരൂഢനായി വരുന്നു, ഏത് കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും, ... *ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെ ചൊല്ലി വിലപിക്കും* ..."[34] (എംഫസിസ് മൈൻ.) അക്കാരണത്താൽ, 6:12-17-ൽ സൂചിപ്പിച്ചിരിക്കുന്നത് അവസാനത്തെ കോപദിവസമായി ഞാൻ കാണുന്നു.

എങ്കിലും, അതിൽ വലിയ വ്യത്യാസം ഒന്നും ഞാൻ കാണുന്നില്ല. റോമാ

സാമ്രാജ്യത്തിന്റെ നാശത്തെ കുറിച്ചാണ് ആ വേദഭാഗം പ്രാഥമികമായും പറയുന്നതെങ്കിലും, ദൈവത്തെ എതിർക്കുന്ന *ആർക്കും* അവസാനനാളിൽ ശിക്ഷയുണ്ട് എന്നതിന്റെ മുന്നറിയിപ്പ് കൂടെയാണ് അത്. അത് അവസാനത്തെ ദിവസത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ, കർത്താവിനെ എതിർക്കുന്ന *ഏതൊരാളും* - അതിൽ റോമോ സാമ്രാജ്യവും - അവന്റെ അവസാനകോപത്തിൽ ഉൾപ്പെടും.

ആ വേദഭാഗം താൽക്കാലികമായ ശിക്ഷയെ കുറിച്ചോ അല്ലെങ്കിൽ നിത്യമായ ശിക്ഷയെ കുറിച്ചോ ആണ് സംസാരിക്കുന്നത് എന്നത് അപ്രധാനമാണ്. ഒരു വലിയ കോപദിവസം വരുന്നു എന്നതാണ് ആ വേദഭാഗത്തിലെ ഊന്നൽ. ബാബേലിന്നും ഒരു വലിയ കോപദിവസം വരും, അശൂര്യർക്കും ഒരു കോപദിവസം വരും, റോമാക്കാർക്കുമുണ്ടാകും ഒരു വലിയ കോപ ദിവസം, അതുപോലെ തന്നെ ഇന്നു ദൈവസ്നേഹത്തോട് മറുതലിച്ച് നിൽക്കുന്നവർക്കെല്ലാം ഒരു വലിയ കോപദിവസം ഉണ്ടാകും (റോമർ 2:5; എഫെസ്യർ 5:6)!

നാം ജീവിതത്തെ അർത്ഥവത്താക്കുകയാണെങ്കിൽ, ആ അന്ത്യത്തെ നാം കാണണം. അവസാനിക്കാത്ത ചക്രമല്ല മനുഷ്യചരിത്രം, അർത്ഥമില്ലാതെ അത് ആവർത്തിക്കുകയുമില്ല. മറിച്ച്, ചരിത്രമെന്നത് "ഒരു തീർച്ചയുള്ള ലക്ഷ്യത്തോടെയാണ്"[35] ചലിക്കുന്നത്. ഓരോ ദിവസവും കഴിയുമ്പോൾ, നാം ലോകാവസാനത്തോട് അടുക്കുകയാണ് - നിത്യതയിലേക്ക്, സ്വർഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക്! വെളിപ്പാട് 6:12-17 തുടങ്ങിയ വേദഭാഗങ്ങൾ വ്യക്തമാക്കുന്നത്, ദുഷ്ടന്റെ വിജയം അല്പ-കാലത്തേക്കുള്ളതാണ്,[36] ന്യായവിധി തീർച്ചയുള്ളതുമാണ്![37] ദൈവം തന്റെ കോപം തന്റെ ഉദ്ദേശത്തിനായി അല്പം നീട്ടി വെച്ചേക്കാം - പക്ഷെ ദൈവകോപം വരിക തന്നെ ചെയ്യും - ഓരോ വ്യക്തിയും അതിന് തയ്യാറായിരിക്കുക!

## അധികം പ്രസക്തമായ ചോദ്യം:
## ആർ? (വാ. 17)

വാക്യം 17 ലുള്ള ചോദ്യമാണ് പ്രസക്തമായത്: "അവരുടെ മഹാകോപദിവസം വന്നു. *ആർക്ക് നിൽപാൻ കഴിയും?*" (എംഫസിസ് മൈൻ.)

വാക്യം 9 മുതൽ 11 വരെ വിവരിച്ചിരിക്കുന്നതും വാക്യം 15 മുതൽ 17 വരെ വിവരിച്ചിരിക്കുന്നതും തമ്മിൽ പല അന്തരങ്ങളുണ്ട്. ഒരന്തരം (ഫലത്തിൽ), ഉള്ളത് രക്തസാക്ഷികൾ "പ്രതികാരത്തിനായി!" നിലവിളിച്ചതാണ്, എന്നാൽ ഒരുങ്ങാത്തവർ നിലവിളിച്ചത് ഞങ്ങളെ "മറെപ്പിൻ!" എന്നാണ്. മറ്റൊരു അന്തരം ഉള്ളത് കഷ്ടത നമ്മെ ദൈവത്തിൽനിന്ന് വേർപിരിക്കുന്നില്ല എന്നതാണ്, മറിച്ച് പാപമാണ് അകറ്റുന്നത്. ഓരോ സംഘവും ചോദിച്ച ചോദ്യമായിരിക്കാം ഒരുപക്ഷെ നമ്മെ അമ്പരപ്പിക്കുന്നത്: "എത്രത്തോളം?" എന്നാണ് രക്തസാക്ഷികൾ അറിയുവാൻ ആഗ്രഹിച്ചത്, എന്നാൽ ഭയപ്പെട്ടവർ നിലവിളിച്ചത്, "ആർക്ക് നിൽപാൻ കഴിയും?" എന്നാണ്.

"ആർക്ക് നിൽപാൻ കഴിയും?" എന്ന ചോദ്യം ഇതിനു മുൻപു ചോദിച്ചിട്ടുണ്ട്. നഹൂം എഴുതി, "അവന്റെ ക്രോധത്തിൻ മുമ്പിൽ ആർ നിൽക്കും? അവന്റെ ഉഗ്രകോപത്തിങ്കൽ ആർ നിവർന്നു നിൽക്കും? അവന്റെ ക്രോധം തീപോലെ ചൊരിയുന്നു; പാറകൾ അവനാൽ പിളർന്നുപോകുന്നു" (നഹൂം 1:6). മലാഖിയും ചോദിച്ചിട്ടുണ്ട്, "എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്ക് സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും? അവൻ

ഊതിക്കഴിക്കുന്നവന്റെ തീ പോലെയാകും ...” (മലാഖി 3:2). എസ്രാ പ്രാർത്ഥിച്ചപ്പോൾ, ആ ചോദ്യത്തിന് മറുപടി നൽകുകയുണ്ടായി, “യിസ്രായേലിന്റെ ദൈവമായ യഹോവേ, ... ഞങ്ങളുടെ പാതകങ്ങളോടുകൂടെ ഇതാ, ഞങ്ങൾ നിന്റെ മുൻപാകെ ഇരിക്കുന്നു, അത് നിമിത്തം നിന്റെ മുമ്പാകെ നിൽപാൻ ആർക്കും കഴിവില്ല” (എസ്രാ 9:15). *ആർക്കും* കർത്താവിന്റെ മുൻപിൽ നിൽപാൻ കഴിവില്ല എന്നത് - *ഒരുങ്ങാത്ത ആർക്കും* എന്നാണ് സൂചിപ്പിക്കുന്നത്.

എഡ്വേർഡ് മയേഴ്സ് പറഞ്ഞു, “ആർക്ക് നിൽപാൻ കഴിയും? എന്ന് ചോദിച്ചിരിക്കുന്നതിന്റെ അർത്ഥം, ദൈവത്തിന്റെ അത്ഭുതകരമായ കൃപയാലുള്ള സുവിശേഷത്തെ നിരാകരിച്ചാൽ ഉണ്ടാകുന്ന പ്രത്യാശയില്ലായ്മയെയാണ് പ്രകടമാക്കുന്നത്. അഭക്തിയുള്ള ഏതൊരു ജീവിതത്തിന്റേയും അവസാനം അത് ഖണ്ഡിതമായ ചോദ്യമായി അവശേഷിക്കും.”[38]

നമ്മുടെ അടുത്ത രണ്ട് പാഠങ്ങളിൽ, അദ്ധ്യായം 7 നാം പഠിക്കും, അതിൽ ദൈവത്തിന്റെ കരുതലും ഭക്തർക്കുള്ള പ്രതിഫലവും വിവരിക്കുന്നുണ്ട്. വാക്യം 9 ൽ നാം വായിക്കുന്നത്, “ആർക്കും എണ്ണിക്കൂടാത്ത ഒരു വലിയ പുരുഷാരം ... സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുൻപാകെ *നിൽക്കുന്നു.*” (എംഫസിസ് മൈൻ.) രക്തസാക്ഷികൾ “എത്രത്തോളം?” എന്ന് നിലവിളിച്ചപ്പോൾ, ഉപദ്രവിച്ചവർ നിൽക്കുമ്പോൾ, ഉപദ്രവിക്കപ്പെട്ടവരുടെ ശരീരങ്ങൾ വീഥികളിൽ വീണുകിടക്കുമ്പോൾ, അവസാനം ജയിക്കുന്നത് ദൈവജനമാണ് - എന്നാൽ ദുഷ്ടന്മാർ ദൈവകോപത്താൽ വീണുപോകും!

**ഉപസംഹാരം**

വർഷങ്ങൾക്ക് മുൻപ്, സഹോദരൻ വിൽ തോംസൺ, “ദേർ ഈസ് എ ഗ്രെയിറ്റ് ഡേ കമിങ്ങ്” എന്ന ഒരു ഗാനം രചിക്കുകയുണ്ടായി. അതിലെ സന്ദേശം ഇന്നും എന്നെ സ്പർശിച്ചുകൊണ്ടാണിരിക്കുന്നത്:

ഒരു വലിയ ദിവസം വരുന്നു,
വലിയ ദിവസം വരുന്നു.
ഒരു വലിയ ദിവസം വന്നുകൊണ്ടേയിരിക്കുന്നു;
വലത്തും ഇടത്തും,
വരുവാനുള്ള ആ ദിവസത്തിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?

പ്രകാശമുള്ള ഒരു ദിവസം വരുന്നു,
പ്രകാശമുള്ള ദിവസം വരുന്നു,
പ്രകാശമുള്ള ദിവസം വന്നുകൊണ്ടേയിരിക്കുന്നു;
എന്നാൽ അതിന്റെ പ്രകാശം വരുന്നത്
കർത്താവിനെ സ്നേഹിക്കുന്നവർക്കാണ്,
നിങ്ങൾ ആ ദിവസത്തിനായി ഒരുങ്ങിയിട്ടുണ്ടോ?

ദുഃഖമുള്ള ഒരു ദിവസം വരുന്നു,
ദുഃഖമുള്ള ദിവസം വരുന്നു,
ദുഃഖമുള്ള ദിവസം വന്നുകൊണ്ടേയിരിക്കുന്നു;
“ഞാൻ നിങ്ങളെ അറിയുന്നില്ല, എന്നെ വിട്ടുപോ”
പാപി തന്റെ നാശത്തെ കേൾക്കുമ്പോൾ,

ആ വരുന്ന ദിവസത്തിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?[39]

കർത്താവ് വീണ്ടും വരുമ്പോൾ, അത് നിങ്ങൾക്ക് "പ്രകാശമുള്ള," "വലിയ ഒരു ദിവസമായിരിക്കുമോ?" അതോ "ദുഃഖമുള്ള" ഒരു ദിവസമായിരിക്കുമോ? വരുന്നതായ ആ ദിവസത്തിന് നിങ്ങൾ *ഒരുങ്ങിയിട്ടുണ്ടോ?* നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപത്തിലാണ് ജീവിക്കുന്നതെങ്കിൽ നിങ്ങൾ ഒരുങ്ങിയിട്ടില്ല. അടുത്ത സമയത്ത്, ക്ലെൻ പെയിസ് ഈ പ്രസ്താവനകൾ നടത്തി:

> നിങ്ങൾ പോകുവാൻ ആഗ്രഹിക്കാത്ത ദൂരത്തിൽ പാപം നിങ്ങളെ കൊണ്ടുപോകും നിങ്ങൾ താമസിക്കുവാൻ ആഗ്രഹിക്കാത്തിടത്തോളം പാപം നിങ്ങളെ താമസിപ്പിക്കും. നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നതിനേക്കാൾ അത് നിങ്ങളെ ദ്രോഹിക്കും.[40]

ദൈവകോപത്തിൽനിന്ന് ആളുകൾ ഓടി ഒളിക്കുവാൻ ശ്രമിക്കുമ്പോൾ അതിന് ഈ ലോകത്തിലെ പാറ മതിയാകയില്ല. ദൈവകോപത്തിൽനിന്ന് നമ്മെ രക്ഷിക്കുവാൻ, യുഗങ്ങളായുള്ള യേശുക്രിസ്തുവിനു മാത്രമെ കഴിയു.[41] "വരുവാനുള്ള കോപത്തിൽനിന്ന് നമ്മെ വിടുവിക്കുന്നത് യേശു മാത്രമാണ്" (1 തെസലൊനിക്യർ 1:10). നിങ്ങളുടെ ജീവിതം യേശുവിന് സമർപ്പിച്ചിട്ടുണ്ടോ? നിങ്ങളുടെ ഇഷ്ടം അവന്റേതിനായി ഏൽപിച്ചുകൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന്തന്നെ - അവനെ വിശ്വസിച്ച് അനുസരിക്കുക![42]

---

**പ്രാസംഗികർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

കഴിഞ്ഞ പാഠത്തിൽ, നിസാരമായ ഒരു പടമാണ് ഉപയോഗിച്ചത്:

**ഈ ലോകത്തിൽ**

ഭക്തർ അഭക്തർ



ഈ പാഠവുമായുള്ള ബന്ധത്തിൽ ചിത്രം വീണ്ടും വരക്കാം:

**ഈ ലോകത്തിൽ**




"കുഞ്ഞാടിന്റെ കോപം," "നിങ്ങൾക്ക് ദൈവത്തിൽനിന്ന് ഒളിക്കുവാൻ സാധ്യമല്ല," "ആർക്ക് നിൽപാൻ കഴിയും" എന്നിവയാണ് സാധ്യമായ തലവാചകങ്ങൾ.

നിങ്ങൾ അഞ്ചും ആറും മുദ്രകൾ ഒരുമിച്ച് അവതരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണെങ്കിൽ, പാഠത്തെ, "ശരിയായ വഴിയും തെറ്റായ വഴിയും." അഞ്ചാം മുദ്രയെ "ഉപദ്രവത്തോട് ശരിയായി പ്രതികരിക്കൽ" എന്ന് ചിത്രീകരിക്കാം: (1) ഉപദ്രവത്തെ കുറിച്ച് വിചാരപ്പെടുന്നതിൽ തെറ്റില്ല. (2) ഉപദ്രവം വരുമ്പോൾ, ദൈവത്തിൽ*നിന്ന*കന്നുപോകാതെ, ദൈവത്തി*ങ്കലേക്ക്* തിരിയുക. (3) നിങ്ങൾ തന്നെ പ്രതികാരം കൊടുക്കാതെ, അക്കാര്യം ദൈവകരങ്ങളിൽ ഏൽപിക്കുക. ആറാം മുദ്രയെ, "ന്യായവിധിക്കായി തെറ്റായി ഒരുങ്ങൽ" എന്ന് ചിത്രീകരിക്കാം: (1) ന്യായവിധി വരുംവരെ ഒന്നും ചെയ്യരുത്. (2) ദൈവകോപത്തോട് പ്രതികരണമില്ലാത്ത സ്ഥാനം നിങ്ങളുടെ ജീവിതത്തിലുണ്ടാകുമെന്ന് ചിന്തിക്കുക. (3) ന്യായവിധി വരുമ്പോൾ, ഒരു ദ്വാരമുണ്ടാക്കി അതിലേക്ക് ഇഴഞ്ഞു ചെല്ലുവാൻ ശ്രമിക്കുക.

അദ്ധ്യായം 6 ഒറ്റ പാഠമായി നിങ്ങൾ എടുക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, മെറിൽ സി. ടെനിയുടെ ബാഹ്യരൂപരേഖയുണ്ട്: (1) ചരിത്രത്തിന്റെ ചാട്ടവാറടികൾ (ഒന്നു മുതൽ നാല് വരെയുള്ള മുദ്രകൾ), (2) വിശുദ്ധരുടെ കഷ്ടത (അഞ്ചാം മുദ്ര), (3) ആകാശത്തെ ഇളക്കൽ (ആറാം മുദ്ര).[43]

അദ്ധ്യായം 6 നെ കുറിച്ചുള്ള മറ്റൊരു സമീപനം, "കുഴപ്പത്തെ കുറിച്ച് ദൈവത്തിന്റെ ഏഴ്-പോയിന്റുള്ള പ്രസംഗം" ആണ്. സാധ്യതയുള്ള മുഖ്യ പോയിന്റുകൾ (1) കുഴപ്പം - നിങ്ങൾക്ക് അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല! (ഒന്നാം മുദ്ര); (2) കുഴപ്പം നിങ്ങളുടെ ഹൃദയത്തെ കലക്കിയേക്കാം (രണ്ടാം മുദ്ര); (3) കുഴപ്പം നിങ്ങളുടെ ആത്മാവിനേയും കലക്കിയേക്കാം (മൂന്നാം മുദ്ര); (4) കുഴപ്പം നിങ്ങളുടെ ജീവിതത്തെ എടുത്തു കളഞ്ഞേക്കാം (നാലാം മുദ്ര); (5) കുഴപ്പം ഇരട്ടി അളവിലാണ് വരുന്നത് (വിശ്വാസികൾക്ക്) (അഞ്ചാം മുദ്ര); (6) അവിശ്വാസികൾക്ക് വരുന്ന കുഴപ്പം മാത്രമാണ് കാര്യമായി എടുക്കേണ്ടത്(ആറാം മുദ്ര); (7) ഇന്നത്തെ - കുഴപ്പങ്ങൾ നേരിടുവാൻ ദൈവം നിങ്ങളെ സഹായിക്കും - കുഴപ്പ - രഹിതമായ നാളെ അവൻ വാഗ്ദാനം ചെയ്യുന്നു! (അദ്ധ്യായം 7). അദ്ധ്യായം 6 ഓടുകൂടി ഈ സമീപനം എടുക്കുകയാണെങ്കിൽ, ഏഴാമത്തെ പോയിന്റ് മാത്രം ഉപയോഗിക്കുകയും വരുന്ന അദ്ധ്യായം 7 ന്റെ പശ്ചാത്തലം ഒരുക്കുകയും ചെയ്യുക. ഇതിനെ രണ്ട്-

ഭാഗമുള്ള പ്രസംഗമാക്കാം, ആദ്യത്തെ നാല് പോയിന്റ് രാവിലെയും, പിന്നീട് വരുന്ന മൂന്ന് പോയിന്റ് വൈകുന്നേരവും പ്രസംഗിക്കാം.

---

കുറിപ്പുകൾ

[1]ചണവസ്ത്രം മുഖ്യമായി ചാക്ക് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നതാണ്, എന്നാൽ വിലാപസമയത്ത് ഉടുക്കുവാനുള്ള വസ്ത്രത്തിനും അത് ഉപയോഗിക്കുന്നുണ്ട്. ഈ പ്രത്യേകവസ്ത്രം കറുത്ത ആട്ടുരോമം കൊണ്ടുണ്ടാക്കിയതാണ്. [2]ചിലർ കരുതുന്നത് നക്ഷത്രങ്ങളുടെ വീഴ്ച്ച സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട വ്യക്തികളുടെ വീഴ്ച്ച ആണെന്നാണ് ചിലർ കരുതുന്നത്. ചിലപ്പോൾ, പഴയനിയമത്തിൽ വലിയ ആളുകളെ നക്ഷത്രങ്ങൾ എന്ന് വിളിച്ചിട്ടുണ്ട്. എങ്ങനെയായാലും, വെളിപ്പാട് 6–ൽ, പറഞ്ഞിരിക്കുന്ന നക്ഷത്രങ്ങളുടെ വീഴ്ച്ച മൊത്തം ചിത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്. അതിനേക്കാൾ പ്രാധാന്യം അതിന് ഉണ്ടായിരിക്കയില്ല. [3]"ശൈത്യകാലത്തുണ്ടാകുന്നതും വസന്തകാലത്ത് പൂർണ്ണവളർച്ചയെത്താതെ വീഴുകയും" ചെയ്യാറുള്ള വൃക്ഷമാണ് അത്തി (ഹോമർ ഹെയ്‌ലി, *റെവെലേഷൻ* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979], 198). ഇത് ചർച്ച ചെയ്യുമ്പോൾ, നിങ്ങളുടെ പ്രദേശത്ത് വലിയ കാറ്റടിക്കുമ്പോൾ ഒടിയുന്ന വൃക്ഷം ഉപയോഗിക്കാം. എന്റെ മുറ്റത്ത് നിൽക്കുന്ന ബലമില്ലാത്തതും ഉണങ്ങിയതുമായ പൈൻ മരത്തിന്റെ കൊമ്പ് വലിയ കാറ്റിൽ ഒടിയാറുണ്ട്. [4]ഒരു ചുരുൾ തുറന്ന് ചുരുട്ടി വെക്കുമ്പോൾ, തുറക്കത്തക്കവണ്ണമാണ് ചുരുട്ടുന്നത്. ഉണങ്ങിയ കടലാസുള്ള കയ്യെഴുത്ത് പ്രതിയാണെങ്കിൽ ചുരുട്ടുമ്പോൾ കീറുകയും അറ്റമെത്തുമ്പോൾ തിരിച്ച് മടങ്ങുകയും ചെയ്യും. അങ്ങനെ ആകാശം കീറി ചുരുട്ടമെന്നാണ് പറഞ്ഞിരിക്കുന്നത്. "പുസ്തകം മടക്കി അടച്ചുവെക്കുന്നതുപോലെ ആകാശം മടക്കി വെക്കും." (ദ മെസേജ്: *ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* [കൊളോറാഡോ സ്പ്രിങ്ങ്സ്, കൊളോ.: നവപ്രസ് പബ്ലിഷിങ്ങ് ഗ്രൂപ്പ്, 1995], 618). ഒരു പുസ്തകം ശക്തിയായി അടച്ച് ഇതിനെ നിങ്ങൾക്ക് ദൃശ്യവൽക്കരിക്കാം. [5]മലകളും ദ്വീപുകളും അടുത്ത ബന്ധമുള്ളവയാണ്. കടലിൽനിന്ന് മാറി നിൽക്കുന്ന ചെറിയ മലയാണ് ദ്വീപ്. സന്ദർഭത്തിൽ, "ദ്വീപ്" എന്നു പറഞ്ഞിരിക്കുന്നത്, ഭൂമിയിലെ ഒരു ഭാഗം പോലും ഭൂകമ്പത്തിൽനിന്ന് ഒഴിഞ്ഞുപോകയില്ല എന്ന് സൂചിപ്പിക്കുന്നു; ദ്വീപ് ഭൂമിയിൽനിന്നകന്നിരിക്കുന്നു എന്നാണ് സാധാരണ കണക്കാക്കുന്നത്. [6]ബില്ലിഗ്രഹാം, അപ്രോച്ചിങ്ങ് ഹൂഫ്ബീറ്റ്സ്: *ദ ഫോർ ഹോഴ്സമെൻ ഓഫ് ദ അപോകാലിപ്സ്* (ന്യൂയോർക്ക്.: ഏവൺ ബുക്സ്, 1985), 241. [7]മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഇത് റോമാസാമ്രാജ്യത്തിന്റെ ശിക്ഷയെയാണ് സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു. [8]ആറു വർഷ-ക്കാലത്തോളം ഞാനും എന്റെ ഭാര്യയും, രണ്ടു മേൽക്കൂരകളും പൊട്ടാവുന്ന വാതിലുകളും ജനലുകളും കണ്ണാടികളുമെല്ലാം മാറ്റി മാറ്റിക്കൊണ്ടിരുന്നു. [9]ആരെങ്കിലും ക്രിസ്തുവിന്റെ വരവിന്റെ കൃത്യമായ തീയ്യതി പ്രവചിക്കുകയാണെങ്കിൽ, അയാൾ ഒരു കള്ളപ്രവാചകനാണെന്ന് നിങ്ങൾക്ക് തീർച്ചയാക്കാം (മത്തായി 24:36–44). [10]ഇപ്പോൾ എല്ലാം അണുവിനാൽ നിർമ്മിതമാണെന്ന് നമുക്ക് അറിയാവുന്നതുകൊണ്ട്, ആ അണുക്കളെ വേർതിരിച്ച് പറപ്പിക്കുവാൻ കഴിയും എന്ന് നമുക്ക് അറിയാമെന്നതുകൊണ്ട്, വെളിപ്പാട് 6:12–14 ൽ പറഞ്ഞിരിക്കുന്നത് പണ്ട് സാങ്കല്പികമായിരുന്നു എങ്കിൽ ഇപ്പോൾ അല്ല.

[11]യിരെമ്യാവ് 4:24; യോവേൽ 2:10; ആമോസ് 8:8; ഹഗായി 2:6 നോക്കുക. [12]യെശയ്യാവ് 13:10; 50:3; യെഹെസ്ക്കേൽ 32:7; ആമോസ് 8:9 നോക്കുക. [13]നഹൂം 1:5 നോക്കുക. [14]യെഹെസ്ക്കേൽ 26:15, 18 നോക്കുക. [15]ഈ വാചകം എടുത്തിരി

ക്കുന്നത്, വില്യം ബാർക്ലേയുടെ *ദ റെവെലേഷൻ ഓഫ് ജോൺ, 1, 2, 3 ജോൺ,* വാല്യം. 2. റെവ. എഡി., ദ ഡെയിലി ബൈബിൾ സ്റ്റഡി സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 15. [16]ജോൺ വിക്ക് ബോമാൻ, *ദ ഫസ്റ്റ് ക്രിസ്ത്യൻ ഡ്രാമാ: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഫിലെദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1955), 53. [17]ദൈവത്തിൽനിന്നു മലകളിലേക്കും ഗുഹകളിലേക്കും ഓടി ഒളിക്കുന്നത് ഹോശേയ 10:8 ലും യെശയ്യാവ് 2:19 ലും കാണാം. യെരുശലേമിനു വരുവാനുള്ള കുഴപ്പത്തെ യേശുവും ആലങ്കാരികമായി പറഞ്ഞിട്ടുണ്ട് (ലൂക്കൊസ് 23:30). [18]ഏഴ് എന്ന സംഖ്യ പൂർണ്ണതയെ സൂചിപ്പിക്കുന്നു. [19]മൂല ഗ്രന്ഥത്തിൽ, ഉപയോഗിച്ച സംയുക്ത വാക്കിന്റെ അർത്ഥം "ഗ്രെയിറ്റ് മെന്" അല്ലെങ്കിൽ "ഗ്രെയിറ്റ് വൺസ്" എന്നാണ്. അതേ വാക്ക് 18:23 ലും കാണാം, അവിടെ അത് പ്രധാന വ്യാപാരികളെയാണ് ഉദ്ദേശിക്കുന്നത്. ചില തർജിമകളിൽ ആ വാക്കിന് "പ്രിൻസസ്" എന്നാണ് കൊടുത്തിരിക്കുന്നത്. [20]പ ീറ്റേഴ്സൺ 618.

[21]നിങ്ങളുടെ പ്രദേശത്ത് വലിയ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള വലിയ വ്യക്തികളെ ചിത്രീകരണത്തിന് ഉപയോഗിക്കാം. [22]ഡി. ടി. നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ:* എ സ്റ്റഡി ഓഫ് ദ ബുക്ക് ഓഫ് റെവെലേഷൻ (ന്യു യോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ്, പബ്ലിഷേഴ്സ്, 1961), 60-61. [23]ഭയന്നോടി ഒളിക്കുന്ന ഒരു മൃഗത്തെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ, ആ ഓടുന്ന ആളുകളെ ചിത്രീകരിക്കുവാൻ നിങ്ങൾക്ക് വേണമെങ്കിൽ അതു ഉപയോഗിക്കാം. ഞങ്ങളുടെ മകളുടെ ഒരു വലിയ വളർത്തുനായയിൽ നിന്ന് ഞങ്ങളുടെ പൂച്ച ഓടി ഒളിച്ച കാഴ്ച്ച യാണ് എന്റെ മനസിലേക്ക് വരുന്നത്. [24]ഹെന്റി ബി. സ്വെറ്റ്. *ദ അപോകാലിപ്സ് ഓഫ് സെന്റ് ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എഡി), 94. [25]"കുഞ്ഞാടിന്റെ കോപം" എന്ന പ്രയോഗം ചില വ്യാഖ്യാതാക്കൾക്ക് പ്രശ്നം ഉണ്ടാക്കിയിട്ടുണ്ട്; അവർ ആ വേദഭാഗത്തിൽ, വിശ്വാസികളല്ല, അവിശ്വാസികളാണ് ആ പ്രയോഗം നടത്തുന്നത് എന്ന രീതിയിലാണ്; എങ്ങനെയായാലും, "ദൈവകോപം" വെളിപ്പാടിൽ സാന്ദ്രീകരിച്ചിരിക്കയാണ് (14:10, 19; 15:1, 7; 16:1; 19:15; കൂടാതെ 11:18; 16:19 നോക്കുക). ദൈവത്തിന്റെ സിംഹാസനം കുഞ്ഞാടിന്റെ കൂടെ സിംഹാസനമാണ് (22:3); ഒരാൾ ചെയ്യുന്നതാണ്, മറ്റെ ആൾ ചെയ്യുന്നത്; ദുഷ്ടന്മാരെ ശിക്ഷിക്കുന്നവനായിട്ടാണ് വെളിപ്പാടിൽ പലപ്പോഴും യേശുവിനെ കാണിച്ചിരിക്കുന്നത് (2:16, 22, 23; 17:14; 19:11-21). വെളിപ്പാടിൽ ശേഷമുള്ള ഭാഗങ്ങളിൽ "കുഞ്ഞാടിന്റെ കോപ ം" എന്ന പ്രയോഗം ഞാൻ തുടർച്ചയായി ഉപയോഗിക്കുന്നുണ്ട്. [26]"ക്രാക്കേഴ്സ്" എന്ന ആസ്ട്രേലിയൻ പ്രയോഗത്തിന്റെ അർത്ഥം "ഭ്രാന്ത്" എന്നാണ്. [27]അമേരിക്കയിൽ ഏപ്രിൽ 1 "ഏപ്രിൽ ഫൂൾ" ആയിട്ടാണ് പരക്കെ ഉപയോഗിക്കുന്നത്. വർത്തമാന പത്രങ്ങളിലെല്ലാം ആളുകളെ വിഡ്ഢികളാക്കുന്ന ലേഖനങ്ങളുണ്ടായിരിക്കും അവസാനം "ഏപ്രിൽ ഫൂൾ" എന്നും കൊടുത്തിരിക്കും. [28]ആധുനികമായ ഭയാനക കഥകളിൽ അപ്രതീക്ഷിതമായ ശത്രുക്കളെ ആവിഷ്ക്കരിക്കുന്നുണ്ട്, ഉദാഹരണത്തിന്, ബൊമ്മ, കുട്ടികൾ എന്നിവരെ കാണിക്കും. ആ കഥകളിലെ നിഷ്ക്കളങ്കത പലപ്പോഴും ഭീതിപ്പെടുത്തുന്നതാണ്. [29]ആ പ്രസ്താവനയിൽ ആയിരാമാണ്ട് വാദഗതി നടത്തുന്ന വ്യാഖ്യാതാക്കളെ ഉൾപ്പെടുത്തുന്നില്ല. അദ്ധ്യായം 4 മുതൽ 19 വരെ പ്രാഥമികമായും അവർ പറയുന്നത് ഭൂമി യിലെ സാങ്കൽപികമായ ഏഴ്-വർഷ "ഉപദ്രവകാലം" ആണെന്നത് സങ്കീർണ്ണമായ വ്യാഖാനമാണ്. [30]മഹതിയാം ബാബിലോൺ എന്ന വേശ്യ റോം ആണെന്ന് മിക്കപേരും സമ്മതിക്കും. "ഭൂമിയിലെ രാജാക്കന്മാരെ വാണിരുന്ന വലിയ നഗരമായിരുന്നു" മഹതിയാം ബാബിലോൺ (17:18); ഏഴ് "മല

കളുടെ മുകളിലായിരുന്ന" നഗരമായിരുന്നു (17:9). റോം ഇപ്പോഴും ഏഴ് മലകളുടെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്.

[31]നമ്മുടെ വേദഭാഗം പ്രത്യേകമായി റോമാസാമ്രാജ്യത്തിന്റെ നാശത്തെ മാത്ര മാണ് പറയുന്നതെന്ന് അവകാശപ്പെടുന്നവർ വേറെ വാദങ്ങളുമുന്നയിക്കുന്നുണ്ട്. "അത് ലോകാവസാനം സംഭവിക്കുവാനിരിക്കുന്ന കാര്യമല്ല എന്നതാണ് ഒരു വാദം കാരണം, ലോകാവസാനം 'കണ്ണിമക്കുന്നതിനിടയിൽ' സംഭവിക്കുന്നതാണ് (1 കൊരിന്ത്യർ 15:52)" അത് ആലങ്കാരികമായതുകൊണ്ട് എന്തും സംഭവിക്കാം. ആ വാദത്തിന് വലിയ കഴമ്പില്ല. "ഭാഷ, അക്ഷരികമല്ല, ആലങ്കാരികമായതുകൊണ്ട്, അത് ലോകാവസാനമല്ല" എന്നതാണ് മറ്റൊരു രസകരമായ വാദം. ആ വാദം രണ്ടുവശ ത്തേക്കും മുറിയുന്ന ഇരു-വായ്ത്തലയുള്ള വാളാണ്. ആ വേദഭാഗം, ആലങ്കാരിക താൽക്കാലിക ശിക്ഷയോ, അല്ലെങ്കിൽ അന്തിമശിക്ഷയോ ആയാലും, രണ്ടിന്റേയും സാധ്യത വേദഭാഗം നീക്കം ചെയ്യുന്നില്ല. [32]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ ഈ പാഠം നോക്കുക. [33]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 25. [34]*വെളിപ്പാട്, 1* ലെ "കർത്താവേ, എത്രത്തോളം?" എന്ന പാഠത്തിലെ 1:7 ന്റെ കുറിപ്പ് നോക്കുക. [35]ഓവെൻ ഐ. ക്രൗച്ച് *എക്സ്പോസിറ്ററി പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ്: റെവെലേഷൻ* (ജോപ്ലിൻ മോ.: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പനി., 1985), 123. [36]സങ്കീർത്തനങ്ങൾ 94:1-7, 21, 23. [37]എബ്രായർ 9:27. [38]എഡ്വേർഡ് പി. മയേഴ്സ്. *ആഫ്ടർ ദീസ് തിങ്സ് ഐ സാ: എ സ്റ്റഡി ഓഫ് റെവെലേഷൻ* (ജോപ്ലിൻ മോ.: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പലി., 1997), 160. [39]വിൽ ഐ. തോംസൺ, "ദേർ ഈസ് എ ഗ്രെയിറ്റ് ഡേ കമിങ്ങ്" സോങ്സ് ഓഫ് ദ ചർച്ച്, എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1977). [40]ബ്രദർ പെയിസ് 1997 ആഗസ്റ്റ് 10 ന് ജുഡ്സോനിയ ചർച്ച് ഓഫ് ക്രൈസ്റ്റിൽ, ബുധനാഴ്ച്ച വൈകുന്നേരം പ്രസംഗിക്കുകയായിരുന്നു.

[41] 1 കൊരിന്ത്യർ 10:4 നോക്കുക; കൂടാതെ റോമർ 9:33; 1 പത്രൊസ് 2:8 നോക്കുക. [42]ഈ അവതരണം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; 22:16; ഗലാത്യർ 3:26, 27 എന്നീ വാക്യങ്ങളും, അവസാനം, വേണമെങ്കിൽ, എബ്രായർ 12:25-29 ഉം ഉപയോഗിക്കുക. ഇളക്കമുള്ളതിന് (ഈ ഭൂമി) വിപരീതമാണ് ഇളക്കമില്ലാത്തതെന്ന് (രാജ്യം/സഭ) ആ വേദഭാഗം വ്യക്തമാക്കുന്നു. നിങ്ങളുടെ ശ്രോതാക്കൾ ദൈവരാജ്യത്തിലാകേണ്ടതിന്റെ ആവശ്യം ഊന്നി പറയുക (മറ്റൊരു വാക്കിൽ പറഞ്ഞാൽ, സഭയിലെ അംഗങ്ങൾ). [43]മെറിൽ സി. ടെനി, *പ്രീച്ചിങ്ങ് ദ ന്യൂടേസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 33-35.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. നിങ്ങൾ വെളിപ്പാട് 6:12-17 വായിക്കുമ്പോൾ, നിങ്ങളുടെ മനസി ലേക്ക് വരുന്ന വാക്ക് അല്ലെങ്കിൽ വാക്കുകൾ എന്തെല്ലാമാണ്? ആ ദർശനം നിങ്ങളിൽ ഉണ്ടാക്കിയ പ്രതീതി എന്താണ്?
2. ലോകം എങ്ങനെ അവസാനിക്കുമെന്ന് ആ വേദഭാഗം അക്ഷരികമായ വിശദാംശം നൽകുന്നുണ്ടോ? ഓരോ വിശദാംശവും അക്ഷരികമായി ഒരാൾ എടുത്താൽ എന്താണ് കുഴപ്പം?
3. സൂര്യൻ ഇരുണ്ട് പോകുന്നതും നക്ഷത്രങ്ങൾ വീഴുന്നതുമായ പഴയ നിയമ വേദഭാഗങ്ങൾ വായിക്കുക. ആ വേദഭാഗം വിവരിക്കുന്നത്

പഠിപ്പിക്കുവാൻ ഒരുങ്ങുക.

4. വാക്യം 15-ൽ പറഞ്ഞിരിക്കുന്ന വിവിധ വാക്കുകൾ ചർച്ച ചെയ്യുക: “രാജാക്കന്മാർ,” “വലിയ പുരുഷാരം” മുതലായവ.
5. മനുഷ്യർക്ക് എപ്പോഴെങ്കിലും ദൈവത്തിൽനിന്ന് ഓടി ഒളിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? എന്തുകൊണ്ടാണ് ആളുകൾ അങ്ങനെ ചെയ്യുന്നത്? നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും കർത്താവിൽ നിന്നു മറച്ചു പിടിക്കുവാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?
6. “കുഞ്ഞാടിന്റെ കോപം” എന്ന പ്രയോഗം നിങ്ങളെ അമ്പരപ്പിച്ചിട്ടുണ്ടോ? അത് അസാധാരണമായി തോന്നി ഈ പാഠത്തിന്റെ ലേഖകനെ അത് ഞെട്ടിക്കുവാൻ കാരണം എന്ത്?
7. നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വേദഭാഗം റോമാ സാമ്രാജ്യത്തിന്റെ താൽക്കാലിക ശിക്ഷയാണെന്നാണോ, അതോ ലോകാവസാ നത്തെയാണോ വിവരിക്കുന്നത്? എന്തുകൊണ്ട്?
8. വെളിപ്പാട് 6:12-17 നമ്മിൽ *ജീവിത*ത്തിന് അർത്ഥമുണ്ടാക്കുവാൻ സഹായിക്കുന്നതെങ്ങനെ?
9. പാഠമനുസരിച്ച്, വേദഭാഗത്തിലെ മുഖ്യ ചോദ്യമെന്ത്?
10. അടുത്ത പാഠമനുസരിച്ച്, ദൈവകോപം ചൊരിയുമ്പോൾ ആർക്ക് നിൽപാൻ *കഴിയും* (7:9)?

## മത്തായി 24 ഉം വെളിപ്പാട് 6 ഉം

വ്യാഖ്യാതാക്കൾ പലപ്പോഴും മത്തായി 24 ഉം വെളിപ്പാട് 6 ഉം ഒരുമിച്ചാണ് പറയാറുള്ളത്. മത്തായി 24 ലും “യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും,” “ക്ഷാമത്തെയും” കുറിച്ചും ക്രിസ്ത്യാനികളുടെ ഉപദ്രവത്തെ കുറിച്ചും (മത്തായി 24:6, 7, 9) പറയുന്നുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവ് അടുത്തിരിക്കുന്നു എന്നതിന്റെ “കാല ലക്ഷണമായി” പറയുവാൻ വെളിപ്പാട് 6 ന്റെയും മത്തായി 24 ന്റെയും മറ്റു (സമാന്തര വേദഭാഗങ്ങളായ മർക്കൊസ് 13 ന്റെയും ലൂക്കൊസ് 21) ന്റെയും ഉദ്ദേശം തെറ്റായി എടുക്കുന്നില്ലെങ്കിൽ അതിൽ കുഴപ്പമില്ല.

മത്തായി 24:3 ൽ ശിഷ്യന്മാർ രണ്ട് ചോദ്യങ്ങൾ ചോദിച്ചു: ഒന്ന് ദൈവാലയത്തിന്റെ നാശത്തെ കുറിച്ചും, മറ്റൊന്ന്, ലോകാവസാനത്തെ കുറിച്ചുമാണ്. മത്തായി 24 ന്റെ ആദ്യഭാഗം ദൈവാലയനാശത്തെ കുറിച്ചാണ് പ്രതിപാദിക്കുന്നത് (15 മുതൽ 20 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക), എന്നാൽ അദ്ധ്യായത്തിന്റെ അവസാനഭാഗം ശ്രദ്ധിച്ചിരിക്കുന്നത് രണ്ടാം വരവിനെ കുറിച്ചാണ്. വാക്യം 6, 7, 9 ലോകാവസാനത്തെ കുറിച്ചുള്ളതല്ല, യെരുശലേം നാശത്തെ കുറിച്ചുള്ളതാണ്.[1]

യേശു പറഞ്ഞ ക്ഷാമവും ഭൂകമ്പവും യുദ്ധവും ലോകാവസാനത്തെ കുറിച്ചാണെന്നു പറഞ്ഞാൽ, യേശു പറഞ്ഞതിനു വിപരീതമാകും. അതേ അദ്ധ്യായത്തിൽ തന്നെ യേശു പറഞ്ഞു, “ആ നാളും നാഴികയും സംബന്ധിച്ച്, പിതാവല്ലാതെ സ്വർഗത്തിലെ ദൂതന്മാരോ, പുത്രനോ അറിയുന്നില്ല” എന്നാണ് (വാ.36; എംഫസിസ് മൈൻ) “നിങ്ങൾ അറിയാത്ത നാഴികയിലത്രെ മനുഷ്യപുത്രന്റെ വരവ്” എന്നും അവൻ പറഞ്ഞു (വാ.37-41). “യുദ്ധങ്ങളും യുദ്ധശ്രുതികളും,” ക്ഷാമവും ഭൂകമ്പവും, ഉപദ്രവവും, ദുരുപദേഷ്ടാക്കന്മാരും, അവന്റെ വരവിന്റെ ലക്ഷണങ്ങളല്ല. മറിച്ച്, അവ ജീവിതത്തിന്റെ ഭാഗമാണ്-പാപം ലോകത്തിലേക്ക് വന്നതിന്റെ ഫലം.

[1]മത്തായി 24-ൽ യേശു പറഞ്ഞത് “യുദ്ധങ്ങളും യുദ്ധശ്രുതികളും” എല്ലാറ്റിന്റേയും അടയാളമല്ല (വാ.6).



മഹാ കോപ ദിവസം (6:12–17)